


ബ്ര. മാത്തുക്കുട്ടി മൂന്നുപീടികയിൽ

രക്ഷാകരസംഭവത്തെക്കുറിച്ചുള്ള ഏറ്റവും അവിസ്മരണീയമായ തിരുവചന ഭാഗങ്ങളിൽ ഒന്നാണ് നാം ഇപ്പോൾ വായിച്ചുകേട്ട ലൂക്കായുടെ സുവിശേഷം 1–ാം അദ്ധ്യായം 26 മുതൽ 38 വരെയുള്ള തിരുവചനഭാഗം. രക്ഷാകര ചരിത്രത്തിന്റെ താളുകളിൽ പരിശുദ്ധ അമ്മയുടെ നാമം ആലേഖനം ചെയ്യപ്പെട്ടിരിക്കുക വെറുമൊരു സ്ത്രീ എന്നതിലുപരി സഹരക്ഷകയായിട്ടാണ്. ദൈവകുമാരന് ഭൂമിയിൽ അവതരിക്കാൻ തന്റെ ശരീരം വിട്ടുകൊടുത്തു എന്നതിലുപരി എന്താണ് പരിശുദ്ധ അമ്മയെ സഹരക്ഷകയെന്ന സ്ഥാനം അലങ്കരിക്കാൻ പ്രാപ്തയാക്കിയത്? മംഗളവാർത്താക്കാലത്തിന്റെ രണ്ടാം ഞായറാഴ്ചയായ ഇന്ന് നമ്മുടെയെല്ലാം ധ്യാനത്തിനും പരിചിന്തനത്തിനുമായി തിരുസഭ നൽകിയിരിക്കുന്ന ഈ വചനഭാഗത്തിലൂടെ എന്താണ് പരിശുദ്ധ അമ്മയെ സഹരക്ഷകയെന്ന സ്ഥാനം അലങ്കരിക്കാൻ പ്രാപ്തയാക്കിയതെന്ന് ധ്യാനിക്കാം.

സ്വപ്നങ്ങളുടെ കാലഘട്ടമാണ് കൗമാരം. സ്വപ്നങ്ങളെ സ്വപ്നങ്ങൾ കൊണ്ടുതന്നെ കീഴടക്കുന്ന കാലം. ഈ ഒരു കാലഘട്ടത്തിൽ ഏതൊരു കൗമാരക്കാരന്റെയും കൗമാരക്കാരിയുടെയും സ്വപ്നത്തിൽ നിറഞ്ഞുനിൽക്കുന്ന ഒന്നാണ് വിവാഹവും കുടുംബജീവിതവുമൊക്കെ. പലപ്പോഴും ആരോടും പങ്കുവയ്ക്കാതെ മനസ്സിന്റെ കോണുകളിൽ സൂക്ഷിക്കുന്ന ഈ സ്വപ്നങ്ങൾ, അത് അവരുടെ ജീവിതത്തിന്റെ സംഗീതം തന്നെയാണ്. ഇപ്രകാരം തന്റെ വിവാഹത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും ഒരുപാട് സ്വപ്നങ്ങൾ മനസ്സിൽ പേറി ഗലീലിയിലെ നസ്രത്തിൽ ജനിച്ച്

വളർന്ന ഒരു സാധാരണ പെൺകുട്ടിയായിരുന്നു പരിശുദ്ധ മറിയവും.

ജോസഫിനോടൊത്തുള്ള ജീവിതവും ജോസഫിന്റെ മക്കളുടെ അമ്മയാവുക എന്ന സ്വപ്നവും മനസ്സിൽ താലോലിച്ച് തന്റെ സ്വപ്നസാക്ഷാത്കാരത്തിനായി നാളുകളെണ്ണിക്കഴിഞ്ഞ മറിയത്തെ തേടിയെത്തിയത് മംഗളവാർത്ത എന്നതിലുപരി മരണവാർത്തയാണ്. വിവാഹത്തിനുമുമ്പ് ഗർഭിണിയായി കാണപ്പെടുന്ന പെൺകുട്ടി പരസ്യമായി കല്ലെറിഞ്ഞ് കൊല്ലപ്പെടണം എന്ന യഹൂദ നിയമത്തിന് മുമ്പിൽ വിറങ്ങലിച്ച് നിൽക്കുമ്പോഴും ദൈവതിരുമനസ്സിനു മുമ്പിൽ ആമ്മേൻ പറഞ്ഞ പരിശുദ്ധ അമ്മയെ നമുക്കു മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് തിരുവചനം പറഞ്ഞു വയ്ക്കുന്നു. ഇവൾ സഹരക്ഷകയായത് കേവലം തന്റെ ശരീരം ദൈവതിരുമുമ്പിൽ സമർപ്പിച്ചതുകൊണ്ട് മാത്രമല്ല, മറിച്ച് തന്റെ ശരീരത്തോടൊപ്പം മനസ്സും അവൾ പൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചതുകൊണ്ടാണ്.

'ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' എന്നു പറഞ്ഞുകൊണ്ട് തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ച് സഹരക്ഷകയായി മാറിയ പരിശുദ്ധ അമ്മ എന്നും നമുക്കോരോർത്തർക്കും നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഒരു മാതൃകയും മാർഗ്ഗദീപവുമാണ്. തന്റെ ഇഷ്ടങ്ങൾക്കും താത്പര്യങ്ങൾക്കും ആഗ്രഹങ്ങൾക്കുമപ്പുറം തന്റെ തമ്പുരാന്റെ പദ്ധതികൾക്ക് മുമ്പിൽ ആമ്മേൻ പറഞ്ഞുകൊണ്ട് സഹരക്ഷകയായി മാറിയ പരിശുദ്ധ അമ്മ ഇന്ന് നമ്മുടെ മുമ്പിൽ ഒരു ചോദ്യചിഹ്നം കൂടിയാണ്. തിരക്കിട്ട് നാമെല്ലാം ഓടിത്തീർക്കുന്ന നമ്മുടെ ഈ ലോക ജീവിതത്തിൽ ദൈവസ്വരത്തിന് കാതോർത്ത് ദൈവിക പദ്ധതികൾക്ക് മുമ്പിൽ ആമ്മേൻ പറയുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? അതോ നമ്മുടേതായ സ്വാർത്ഥ താത്പര്യങ്ങൾക്ക് മുമ്പിൽ ദൈവിക പദ്ധതികൾ മറവു ചെയ്യപ്പെടുകയാണോ?

ഒരിക്കൽ ഒരു പെൺകുട്ടി വികാരിയച്ചനോട് പറഞ്ഞു: അച്ചാ, അടുത്ത ശനിയാഴ്ച ഞങ്ങൾ ടൂർ പോകുകയാണ്. മഴക്കാലമൊക്കെയല്ലേ മഴ പെയ്യാതിരിക്കാൻ ഒന്ന് പ്രാർത്ഥിക്കണം. അച്ചൻ പറഞ്ഞു മോള് ധൈര്യമായിട്ട് പൊയ്ക്കോ അച്ചൻ പ്രാർത്ഥിച്ചുകൊള്ളാം. അച്ചൻ തന്റെ വാക്കുപാലിച്ച് ആത്മാർത്ഥമായിട്ട് പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമെന്നവണ്ണം ശനിയാഴ്ച പതിവിലും തകർത്ത് മഴ പെയ്തു പിറ്റേന്ന് ഞായറാഴ്ച കുർബാനയ്ക്കു ശേഷം അവളുടെ മുമ്പിൽ പെടാതെ ഒഴിഞ്ഞുമാറി നടന്ന അച്ചനെ തേടി അവളെത്തി. തന്റെ നിസ്സഹായത മറച്ചുവയ്ക്കാതെ അച്ചൻ പറഞ്ഞു മോളെ അച്ചൻ പ്രാർത്ഥിച്ചിരുന്നു എന്നിട്ടും... അച്ചനെ പറഞ്ഞ് മുഴുപ്പിക്കാൻ അനുവദിക്കാതെ അവൾ പറഞ്ഞു അച്ചാ, ഈശോ പറഞ്ഞു ടൂർ പോകണ്ടായെന്ന്.

പ്രിയമുള്ളവരെ പലപ്പോഴും നമ്മുടെ സ്വപ്നങ്ങളെ ദൈവിക സ്വപ്നങ്ങളായും, നമ്മുടെ പദ്ധതികളെ ദൈവികപദ്ധതികളായും മാറ്റി ജീവിതത്തിൽ എന്തൊക്കെയോ ആയിത്തീരുവാൻ തത്രപ്പെടുന്നവരാണ് നാമെല്ലാം. കഥയിലെ പെൺകുട്ടിയെപ്പോലെ ദൈവികപദ്ധതി എന്തെന്ന് തിരിച്ചറിഞ്ഞ് അതിനനുസരിച്ച് പ്രവർത്തിക്കാൻ കഴിയാതെ പോകുന്നവർ. ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളും സങ്കടങ്ങളുമെല്ലാം ദൈവശാപമായി കണ്ടുകൊണ്ട് ദൈവത്തെ പഴിക്കുന്നവർ. മക്കൾക്ക് ജോലി ലഭിക്കാതെ വരുമ്പോൾ, ഭർത്താവിന് അല്ലെങ്കിൽ ഭാര്യക്ക്, മക്കൾക്ക് അസുഖം വരുമ്പോൾ, കൂടെപ്പിറപ്പുകൾ അകാലത്തിൽ വേർപിരിയുമ്പോഴും, കടക്കെണി താങ്ങാനാവാതെ സഹനത്തിന്റെ കയ്പ് മുട്ടോളം കുടിക്കുമ്പോഴും നാമെല്ലാം അറിഞ്ഞോ അറിയാതെയോ പറയും ഇത് എന്തൊരു പരീക്ഷണമാണ് ദൈവമേയെന്ന്.

ദൈവിക പദ്ധതിയെന്നാൽ അത് യഥാർത്ഥത്തിൽ ചോക്ളേറ്റ് പോലെയാണ് തുടക്കത്തിൽ ചെറിയ കയ്പ് അനുഭവപ്പെടും പക്ഷേ നുണഞ്ഞിറക്കുമ്പോൾ അതിന്റെ അനുഭവം വേറെ തന്നെയാണ്. സഹനത്തിന്റെ മുള്ളുകൾ നിറഞ്ഞ പാതയിലൂടെ ദൈവം നമ്മെ നടത്തുന്നത് നാം ഇന്നോളം അനുഭവിച്ചിട്ടില്ലാത്ത സന്തോഷത്തിലേക്കാണെന്ന് തിരിച്ചറിയാതെ പോകുമ്പോൾ നാം ഓർക്കണം, ഇന്നോളം അവൻ നമ്മിൽ കണ്ട സ്വപ്നങ്ങളാണ് നമ്മുടെ ശുഭഭാവിക്കായി അവൻ തീർത്ത വഴികളാണ് നമ്മുടെ മുമ്പിൽ അടക്കപ്പെടുന്നതെന്ന്. ഇന്നോളം നമുക്ക് മുമ്പിൽ മൺമറഞ്ഞുപോയ പുണ്യാത്മാക്കളെല്ലാം തങ്ങളുടെ ജീവിതത്തിൽ അവരെക്കുറിച്ചുള്ള ദൈവികപദ്ധതി മനസ്സിലാക്കിയത്, ഗബ്രിയേൽ മാലാഖ അവർക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ട് സന്ദേശത്തിലൂടെ വെളിപ്പെടുത്തികൊടുത്തത് കൊണ്ടല്ല. മറിച്ച് കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് ജീവിതത്തിലെ സുഖദുഃഖങ്ങളെ നെഞ്ചോട് ചേർത്ത് ദൈവതിരുമനസ്സിന് മുമ്പിൽ ആമ്മേൻ പറഞ്ഞപ്പോഴാണ്. സഹരക്ഷകയെന്ന് പരിശുദ്ധ അമ്മയെ നാം അഭിസംബോധന ചെയ്യുമ്പോഴും ഓർക്കുക അവൾ സഹരക്ഷകയായത് ദൈവം അവൾക്കായി ഒരുക്കിയ സഹനത്തിന്റെ പാത നടന്നു നീങ്ങാൻ തയ്യാറായപ്പോഴാണ്. ജീവിതത്തിലെ സഹനങ്ങൾക്കും പ്രതികൂല സാഹചര്യങ്ങൾക്കും മധ്യേ ദൈവതിരുമനസ്സിനോട് ചേർന്ന് നിന്നുകൊണ്ട് അവിടുത്തോട് നമുക്കും ആമ്മേൻ പറയാം. അങ്ങനെ ഈ ക്രിസ്തുമസ് കാലത്ത് നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതികൾ മനസ്സിലാക്കി പരിശുദ്ധ അമ്മയോട് ചേർന്ന് നിന്നുകൊണ്ട് നമുക്ക് ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമാകാം.

ജീവിതത്തിലെ സഹനങ്ങൾക്ക് മധ്യേ ദൈവിക പദ്ധതി തിരിച്ചറിയാൻ സാധിക്കാതെ വരുമ്പോൾ, ഗത്സെമനിയിൽ രക്തം വിയർത്തു പ്രാർത്ഥിച്ച നമ്മുടെ തമ്പുരാന്റെ വാക്കുകളെ നമുക്ക് ഓർക്കാം. "പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപോകട്ടെ. എങ്കിലും എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം നിറവേറട്ടെയെന്ന്." പിതാവിന്റെ കരങ്ങളിൽ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ച അവിടുത്തെ ഓർമ്മ ആചരിക്കുന്ന ഈ ബലിമധ്യേ നമുക്ക് പ്രാർത്ഥിക്കാം. തമ്പുരാനെ ഇന്നോളം ഞാൻ തിരിച്ചറിയാതെ പോയ നിന്റെ വഴികളെ നീ എനിക്ക് കാണിച്ചുതരണമെ.

നിന്റെ പദ്ധതികൾക്കനുസരിച്ച് ജീവിക്കാനുള്ള കൃപ നൽകി അനുഗ്രഹിക്കണമേയെന്ന്. കാലങ്ങൾ കടന്നുപോകും കാർമേഘം പെയ്തിറങ്ങും എങ്കിലും നമ്മെക്കുറിച്ചുള്ള ദൈവികപദ്ധതിക്ക് യാതൊരു മാറ്റവും ഉണ്ടാകില്ല. മനസ്സിലുണ്ടാകട്ടെ ഈ വാക്കുകൾ. ◆

